പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *582 | 23-05-2017-ലെ മറുപടിയ്ക്ക്

## ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുള്ള വിളകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. പ്രദീപ്കുമാർ**<br>**ശ്രീ.ആർ. രാജേഷ്**<br>**ശ്രീ.രാജു എബ്രഹാം**<br>**ശ്രീ.വി. ജോയി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വിളകൾക്ക് ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിളകൾക്കാണ് ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാനത്ത് കൃഷി ചെയ്യുന്ന 5 പ്രധാന വിളകൾക്ക് സ്പെഷ്യൽ കാർഷിക ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുണ്ട്.<br><br>നെല്ല് - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട്<br>പച്ചക്കറി - ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-കൊല്ലങ്കോട്<br>വാഴ - തൃശ്ശൂർ<br>പൂക്കൾ - വയനാട്<br>നാളികേരം - കോഴിക്കോട്<br><br>വിവിധ വിളകൾക്കായി കൃഷി വകുപ്പ് 32 പ്രത്യേക കാർഷിക മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ പ്രത്യേക കാർഷിക സോണുകളിലെ സംയോജിത പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും ഇതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) ഈ സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റിൽ പ്രത്യേക കാർഷിക സോണുകൾ പ്രാവർത്തികമാക്കുന്നതിനായി 10 കോടി രൂപ നീക്കിവെയ്ക്കുകയും, ഇതിലേക്കായി പ്രത്യേക പദ്ധതി തയ്യാറാക്കി വരികയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### വിവിധ വിളകൾക്കായി കൃഷി വകുപ്പ് കണ്ടെത്തിയിട്ടുള്ള പ്രത്യേക കാർഷിക മേഖലകൾ

| ഇനം | നിർദ്ദേശിക്കപ്പെട്ട മേഖലകൾ |
|---|---|
| നെല്ല് (7) | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട് (ചിറ്റൂർ, കൊല്ലങ്കോട്, ആലത്തൂർ, മലമ്പുഴ, നെൻമാറ ബ്ലോക്കുകൾ), കൈപ്പാട്, വയനാട് |
| പച്ചക്കറി (6) | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-കൊല്ലങ്കോട്, വയനാട്, വാമനപുരം |
| വാഴ (2) | തൃശ്ശൂർ, വയനാട് ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകൾ |
| സുഗന്ധവ്യഞ്ജനങ്ങൾ (2) | വയനാട്, ഇടുക്കി ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകൾ |
| നാളികേരം (3) | തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകൾ |
| മാമ്പഴം (1) | ചിറ്റൂർ-കൊല്ലങ്കോട് (മുതലമട കേന്ദ്രീകരിച്ച്) |
| പൈനാപ്പിൾ (1) | മൂവാറ്റുപുഴയും സമീപ പ്രദേശങ്ങളും |
| ചക്ക (3) | പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ തെരഞ്ഞെടുത്ത ബ്ലോക്കുകൾ |
| ആദിവാസി മേഖലയിലെ കൃഷി (1) | അട്ടപ്പാടി |
| ഔഷധ സസ്യങ്ങൾ (3) | തൃശ്ശൂർ, മലപ്പുറം, വയനാട് |
| പൂക്കൾ (2) | ഇടുക്കി, വയനാട് ജില്ലകളിൽ ഓരോന്നു വീതം |
| എള്ളുകൃഷി (1) | ഓണാട്ടുകര പ്രദേശം |

സെക്ഷൻ ഓഫീസർ